പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3908 15.03. 2017 ൽ മറുപടിക്ക്

**കെ .എസ് .ഇ.ബി യിൽ സബ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തിക**

ചോദ്യം

ശ്രീ.അനിൽ അക്കര

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി യിൽ സബ് എൻജിനീയർ(ഇലക്ട്രിക്കൽ) തസ്തികകളുടെ എണ്ണം എത്രയെന്ന് ഓരോ വിഭാഗത്തിനുമുള്ള ക്വാട്ട ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) നിലവിലെ അനുവദനീയ എണ്ണം - 3492<br>30 % കെ.പി.എസ്.സി. വഴി നിയമിക്കേണ്ടത് -1010<br>10 % By transfer appointment വഴി നിയമിക്കേണ്ടത്-336<br>40 % മീറ്റർ റീഡറിൽ നിന്ന് ഉദ്യോഗ കയറ്റം നൽകി നിയമിക്കേണ്ടത് -<br>20 % ഓവർസീയറിൽ നിന്ന് ഉദ്യോഗകയറ്റം നൽകി നിയമിക്കേണ്ടത് - } 2021<br>( ആശ്രിത നിയമന വ്യവസ്ഥയിൽ നിയമനം ലഭിച്ചത് - 125 ഉൾപ്പെടെ ) |
| (ബി) ടി തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ (ക്വാട്ട തിരിച്ച്) എത്ര; | (ബി) കെ.പി.എസ്.സി. വഴി നിയമിക്കേണ്ട 30 % ക്വാട്ടയിൽ 5 NJD ഒഴിവുകളും, 10% ക്വാട്ടയിൽ 286 ഒഴിവുകളും പ്രമോഷൻ വഴി നികത്തേണ്ട40 % + 20 % ക്വാട്ടയിൽ 320 ഒഴിവുകളും ഉണ്ട്. |
| (സി) 1-1-2016 മുതൽ നാളിതുവരെ എത്ര പേർക്ക് സബ് എഞ്ചിനീയർ ട്രെയിനി ആയി നിയമനം ലഭിച്ചു; ഇതിൽ പി.എസ്.സി. മുഖാന്തിരം നിയമനം ലഭിച്ചവർ, ഇൻസർവ്വീസ് ക്വാട്ട, പ്രൊമോഷൻ ക്വാട്ട, ആശ്രിത നിയമനം, സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഇവ ഇനം തിരിച്ച് വ്യക്തമാക്കുമോ; | (സി) നിലവിൽ സബ് എഞ്ചിനീയർ ട്രെയിനി ഒരു പ്രത്യേക തസ്തികയല്ല. താത്കാലിക സംവിധാനം മാത്രമാണ്. നിലവിൽ 365 പേർ ഉണ്ട്. സബ് എഞ്ചിനീയർ തസ്തികയിൽ ഉണ്ടായ ഒഴിവുകൾ നികത്തുന്നത് വിവിധ കോടതി വ്യവഹാരങ്ങൾ, കെ.പി.എസ്.സി.വഴി നിയമനം നൽകുന്നതിലെ കാലതാമസം, എന്നിവമൂലം തടസ്സപ്പെട്ടപ്പോൾ സബ് എഞ്ചിനീയർ തസ്തികയ്ക്കു വേണ്ട യോഗ്യതയുള്ളതും, അതിനെക്കാൾ താഴ്ന്ന ശമ്പള സ്കെയിലുള്ളതുമായ ജീവനക്കാരെ സബ് എഞ്ചിനീയർ ട്രെയിനി എന്ന പേരിൽ താത്കാലിമായി പുനർ വ്യന്യസിച്ചിട്ടുണ്ട്. ആയതിനാൽ ഇതിൽ പി.എസ്.സി. മുഖാന്തിരം നിയമനം ലഭിച്ചവർ, ഇൻസർവ്വീസ് ക്വാട്ട, പ്രൊമോഷൻ ക്വാട്ട, ആശ്രിതനിയമനം, സ്പെഷ്യൽ റിക്രൂട്ട്മെന്റ് ക്വാട്ട ഇവ ബാധകമല്ല. KPSC/Promotion മുഖേന സബ് എഞ്ചിനീയർമാരെ നിയമിക്കുന്ന മുറയ്ക്ക് സബ്എഞ്ചിനീയർ (ട്രയിനി) മാരെ അവരുടെ |

| | |
|---|---|
| | parent Cadre-ൽ മാറ്റി നിയമിക്കുന്നതാണ്. |
| (ഡി)2003 ലും 2006 ലും ഇൻസർവ്വീസ് ക്വാട്ടയിൽ നിയമനം ലഭിച്ചവർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി)ഇല്ല. ഇവരുടെ ഉദ്യോഗ കയറ്റത്തിനുള്ള സീനിയോറിറ്റി ആയി വരുന്നതെ ഉള്ളൂ. |

സെക്ഷൻ ഓഫീസർ